# കേരള സർവകലാശാല

നം.പി.ആർ.234/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### വൈവ പരീക്ഷ

2018 സെപ്റ്റംബർ-ഒക്ടോബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ.ഫിലോസഫി വൈവ പരീക്ഷകൾ ഒക്ടോബർ 30 ന് യൂണിവേഴ്സിറ്റി കോളേജിലും ഒക്ടോബർ 31 ന് തിരുവനന്തപുരം ഗവ. വനിതാ കോളേജിലും നടക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷാകേന്ദ്രം

ഒക്ടോബർ 30 ന് ആരംഭിക്കുന്ന ബി.എസ്.സി. (ആന്വൽ സ്കീം) മാത്തമാറ്റിക്സ് മെയിൻ (സപ്ലിമെന്ററി) പരീക്ഷയ്ക്ക് കൊല്ലം എസ്.എൻ. കോളേജ് മാത്രമായിരിക്കും പരീക്ഷാകേന്ദ്രം. കായംകുളം എം.എസ്.എം. കോളേജ് പരീക്ഷാ കേന്ദ്രമായി അപേക്ഷിച്ചവർ കൊല്ലം എസ്. എൻ. കോളേജിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷ എഴുതണം.

### ടൈംടേബിൾ

നവംബർ 1 ന് കമ്പ്യൂട്ടർ സെന്ററിൽ വച്ച് നടക്കുന്ന നാലാം സെമസ്റ്റർ ബി.എഡ്. ഡിഗ്രി ഓൺലൈൻ സ്പെഷ്യൽ സപ്ലിമെന്ററി (2015 സ്കീം) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ.

### സീറ്റ് ഒഴിവ്

നിയമ പഠന വകുപ്പിൽ 2018-19 ലെ ഒന്നാം വർഷ എൽ.എൽ.എം (സി.എസ്.എസ്) പ്രോഗ്രാമിൽ എസ്.സി./എസ്.ടി. വിഭാഗങ്ങളിൽ 3 സീറ്റുകളും ബി.പി.എൽ. ഫോർവേഡ് കാസ്റ്റ് വിഭാഗത്തിൽ 2 സീറ്റുകളും ഒഴിവുണ്ട്. അർഹരായവർ അസ്സൽ രേഖകളുമായി ഒക്ടോബർ 31 ന് രാവിലെ 10 മണിക്ക് ഡിപ്പാർട്ട്മെന്റ് ഓഫീസിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 0471-2308936 എന്ന നമ്പറിൽ ബന്ധപ്പെടുക.

### പി.ജി. ഡിപ്ലോമ ഇൻ യോഗ തെറാപ്പി

തുടർ വിദ്യാഭ്യാസ വ്യാപനകേന്ദ്രം സംഘടിപ്പിക്കുന്ന പി.ജി. ഡിപ്ലോമ ഇൻ യോഗ തെറാപ്പി (ഈവനിംഗ് ബാച്ച്) കോഴ്സിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. കോഴ്സ് കാലാവധി ഒരു വർഷം, സമയം വൈകിട്ട് 5 മുതൽ 7 വരെ. അംഗീകൃത സർവകലാശാലാ ബിരുദമുള്ളവർക്ക് അപേക്ഷിക്കാം. കോഴ്സ് ഫീസ് 19,500/- രൂപ. ഉയർന്ന പ്രായപരിധിയില്ല. അപേക്ഷാ ഫോമിന് സർവകലാശാലാ ഓഫീസ് ക്യാമ്പസിലുള്ള എസ്.ബി.ഐ. ബ്രാഞ്ചിൽ 57002299878 എന്ന അക്കൗണ്ട് നമ്പറിൽ 100 രൂപ അടച്ച രസീത് സഹിതം പി.എം.ജി. സ്റ്റുഡന്റ്സ് സെന്റർ ക്യാമ്പസിലുള്ള തുടർ വിദ്യാഭ്യാസ വ്യാപനകേന്ദ്രം ഓഫീസിൽ നേരിട്ട് ബന്ധപ്പെടേണ്ടതാണ്. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി നവംബർ 5. വിശദ വിവരങ്ങൾ 0471-2302523.

## പുതുക്കിയ പരീക്ഷാകേന്ദ്രങ്ങൾ

2018 ഒക്ടോബർ 30 മുതൽ ആരംഭിക്കുന്ന ബി.എ ആന്വൽ പാർട്ട് മൂന്ന് മെയിൻ സബ്സിഡിയറി വിഷയങ്ങളുടെ സപ്ലിമെന്ററി പരീക്ഷകൾക്ക് മാർ ഇവാനിയോസ് കോളേജ് തിരുവനന്തപുരം, എസ്.എൻ.കോളേജ് ചെമ്പഴന്തി എന്നിവ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ എം.ജി കോളേജ് തിരുവനന്തപുരത്തും, ആൾ സെയിന്റ്സ് കോളേജ് പരീക്ഷാ കേന്ദ്രമായി അപേക്ഷിച്ച പെൺകുട്ടികളും, എൻ.എസ്.എസ് കോളേജ് നീറമൺകര പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികളും ഗവ.വിമൻസ് കോളേജ് തിരുവനന്തപുരത്തും, ആൾ സെയിന്റ്സ് കോളേജും, ഗവ.വിമൻസ് കോളേജും പരീക്ഷാ കേന്ദ്രമായി അപേക്ഷിച്ച ആൺകുട്ടികൾ ഗവ.ആർട്സ് കോളേജ് തിരുവനന്തപുരത്തും, ഗവ.സംസ്കൃത കോളേജ് പരീക്ഷാ കേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ ഗവ.ആർട്സ് കോളേജ് തിരുവനന്തപുരത്തും, ഇക്ബാൽ കോളേജ് പെരിങ്ങമല പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ ഗവ.കോളേജ് നെടുമങ്ങാടിലും, കെ.എൻ.എം ഗവ.കോളേജ് കാഞ്ഞിരംകുളം പരീക്ഷാ കേന്ദ്രമായി അപേക്ഷിച്ചവർ വി.ടി.എം.എൻ.എസ്.എസ് ധനുവച്ചപുരത്തും, സെന്റ് സിറിൾസ് അടൂർ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ എസ്.ജി കോളേജ് കൊട്ടാരക്കരയിലും, എഫ്.എം.എൻ കോളേജ് കൊല്ലം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവരും, എസ്.എൻ കോളേജ് ഫോർ വിമൻ കൊല്ലം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവരും എസ്.എൻ കോളേജ് കൊല്ലത്തും, സെന്റ് ജോസഫ് കോളേജ് ആലപ്പുഴ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ എസ്.ഡി കോളേജ് ആലപ്പുഴയിലും പരീക്ഷ എഴുതേണ്ടതാണ്. മറ്റ് പരീക്ഷാകേന്ദ്രങ്ങളിൽ മാറ്റമില്ല. മാറ്റമുള്ള പരീക്ഷാകേന്ദ്രങ്ങളിൽ ഓഫ്ലൈനായി അപേക്ഷിച്ച വിദ്യാർത്ഥികൾ പുതുക്കിയ പരീക്ഷാകേന്ദ്രങ്ങളിൽ നിന്നും ഹാൾടിക്കറ്റ് കൈപ്പറ്റേണ്ടതാണ്. ഓൺലൈനായി അപേക്ഷിച്ച വിദ്യാർത്ഥികൾക്ക് ഒക്ടോബർ 26 മുതൽ ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

## ഒന്നാംവർഷ ബിരുദാനന്തരബിരുദം – സ്പോട്ട് അലോട്ട്മെന്റ്

2018–19–ലെ ഒന്നാം വർഷ ബിരുദാനന്തരബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് ഒഴിവുള്ള സീറ്റുകളിലേയ്ക്ക് സർവകലാശാല സെനറ്റ് ഹാളിൽ വച്ച് സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. എം.എസ്.സി / എം. കോം. കോഴ്സുകൾക്ക് ഒക്ടോബർ 30–നും എം.എ. കോഴ്സുകൾക്ക് ഒക്ടോബർ 31–നുമാണ് സ്പോട്ട് അലോട്ട്മെന്റ്. പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ കേരള സർവകലാശാല സെനറ്റ് ഹാളിൽ ഹാജരാകേണ്ടതാണ്. ഒഴിവുള്ള സീറ്റുകളുടെ വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിക്കും.

സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ രാവിലെ 9 മണിക്കും 11 മണിക്കും മദ്ധ്യേ ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് സഹിതം ഹാജരായി രജിസ്റ്റർ ചെയ്യേണ്ടതാണ്. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി.വാങ്ങുവാൻ പാടുള്ളൂ. ഇതുവരെ പ്രവേശനം ലഭിക്കാതെ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യത, ജാതി എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ ഉണ്ടായിരിക്കണം. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ കോളേജിൽ നിന്നും ലഭിച്ച തിരിച്ചറിയൽ കാർഡ്, ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് എന്നിവ നിർബന്ധമായും ഹാജരാക്കേണ്ടതാണ്.


ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളവരുടെ അഭാവത്തിൽ മാത്രമേ ഓൺലൈൻ രജിസ്ട്രേഷൻ ഇല്ലാത്തവരെ പരിഗണിക്കുകയുള്ളൂ. അലോട്ട്മെന്റ് ലഭിച്ചാൽ ഉടൻ തന്നെ പ്രവേശന ഫീസ് അടയ്ക്കേണ്ടതാണ്. മുൻപ് പ്രവേശന ഫീസ് അടച്ചവർ അതിന്റെ രസീത് നൽകിയാൽ മതിയാകും.

നിലവിൽ കോളേജുകളിൽ അഡ്മിഷൻ നേടിയവർക്ക് സ്പോട്ട് അലോട്ട്മെന്റ് ലഭിക്കുകയാണെങ്കിൽ ഇപ്പോൾ പഠിച്ചു കൊണ്ടിരിക്കുന്ന കോളേജിൽ നിന്നും ടി.സി. വാങ്ങിയ

ശേഷം പുതിയ അലോട്ട്മെന്റ് പ്രകാരമുള്ള കോളേജിൽ നിർബന്ധമായും അഡ്മിഷൻ എടുക്കേണ്ടതാണ്.സ്പോട്ട് അലോട്ട്മെന്റ് സമയത്ത് വിവിധ കോളേജുകളിൽ ഉയരുന്ന പുതിയ ഒഴിവുകളും റാങ്ക് പട്ടിക പ്രകാരം നികത്തുന്നതാണ്.

(പ്രത്യേക കുറിപ്പ് : എല്ലാ  എഡിഷനുകളിലും ഒക്ടോബർ 27, 28, 29 തീയതികളിൽ പ്രസിദ്ധീകരിക്കുന്നതിന്)

**തിരുവനന്തപുരം.**
**26.10.2018**



**പബ്ലിക് റിലേഷൻസ് ഓഫീസർ**

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**